**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5081** **02-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ ക്രെഡിറ്റ് ലിങ്ക്ഡ് പദ്ധതികൾ, കിസാൻ ക്രെഡിറ്റ്കാർഡ് പദ്ധതി, കാർഷികോത്പാദന കമ്പനികൾക്കുള്ള ക്രെഡിറ്റ് ഗ്യാരന്റി കവറേജ്, പ്രാഥമിക കർഷക സംഘങ്ങൾക്ക് ഒരു ശതമാനം പലിശയ്ക്ക് നബാർഡ് വായ്പാ പദ്ധതി, എന്നിവയുടെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കാർഷിക മേഖലയിലെ ക്രെഡിറ്റ് ലിങ്ക്ഡ് പദ്ധതികൾ, കിസാൻ ക്രെഡിറ്റ്കാർഡ് പദ്ധതി, കാർഷികോത്പാദന കമ്പനികൾക്കുള്ള ക്രെഡിറ്റ് ഗ്യാരന്റി കവറേജ്, പ്രാഥമിക കർഷക സംഘങ്ങൾക്ക് ഒരു ശതമാനം പലിശയ്ക്ക് നബാർഡ് വായ്പാ പദ്ധതി, എന്നിവയുടെ നിലവിലെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായുള്ള കേന്ദ്രസഹായം, നബാർഡ് നൽകാനുള്ള ഒരു ശതമാനം പലിശയ്ക്കുള്ള ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനും ആയതു വഴി കാർഷിക മേഖലാ വികസനം സാധ്യമാക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുമായി സംയോജിപ്പിച്ച പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കുള്ള PACS as MSC പദ്ധതി പ്രകാരമുള്ള പലിശയിൽ 3% സബ്സിഡി കേന്ദ്ര സഹായമാണ്. പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് 1% പലിശ നിരക്കിൽ രണ്ട് കോടി രൂപ അനുവദിച്ച് നൽകുന്ന പ്രസ്തുത വായ്പകൾ കാർഷിക മേഖലയിലെ വിളവെടുപ്പാനന്തര പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം കാർഷിക മേഖലയിൽ ഇ-മാർക്കറ്റിംഗ് പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള സപ്ലൈ ചെയിൻ സർവ്വീസുകൾ, വെയർഹൗസുകൾ, സൈലോകൾ (SILOS) തുടങ്ങിയ വിളവെടുപ്പാനന്തര മാനേജ്മെന്റ് പദ്ധതികളിലൂടെ കാർഷിക മേഖലയുടെ വികസനം സാധ്യമാകുന്നു. പ്രാഥമിക കർഷക സംഘങ്ങൾക്കുള്ള വായ്പ പദ്ധതികൾ, പലിശ സബ്സിഡി എന്നിവ നബാർഡിന്റെ നിയന്ത്രണത്തിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 1.കാർഷിക മേഖലയിലെ ക്രെഡിറ്റ് ലിങ്ക്ഡ് പദ്ധതികൾ

### (എ) അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച ഇടത്തരം-ദീർഘകാല വായ്പ പദ്ധതിയായ Agricultural Infrastructure Fund (AIF) പദ്ധതി സംസ്ഥാനത്ത് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖേനയാണ് ഈ വായ്പ പദ്ധതി നടപ്പിലാക്കി വരുന്നത്. സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും (ഉദാ:ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങിയവ), വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ലഭ്യമായ പദ്ധതികളിലേയ്ക്കുള്ള ഇടത്തരം-ദീർഘകാല വായ്പ സമാഹരണമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൃഷിക്കാർ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, സഹകരണ വിപണന സംഘങ്ങൾ, കാർഷിക ഉത്പാദക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ, മറ്റു കാർഷിക ഗ്രൂപ്പുകൾ, സ്വാശ്രയ സംഘങ്ങൾ, വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ, കാർഷിക സംരംഭകർ, സ്റ്റാർട്ടപ്പുകൾ, കേന്ദ്ര സംസ്ഥാന സഹായത്തോടെ പ്രവർത്തിക്കുന്ന പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ തുടങ്ങിയവയ്ക്കാണ് ഈ പദ്ധതി പ്രായോജനകരമാകുക. രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്ക് Credit Guarantee Fund Trust for Micro and Small Enterprises (CGTMSE) സ്കീം പ്രകാരം ക്രെഡിറ്റ് ഗ്യാരണ്ടി, രണ്ടുകോടി രൂപ വരെ പരമാവധി 7 വർഷത്തേക്ക് വായ്പാപലിശയ്ക്ക് 3% ഇളവ്, വായ്പാ തിരിച്ചടവിന് ആറുമാസം മുതൽ രണ്ടു വർഷം വരെ മോറട്ടോറിയം, പലിശ നിരക്ക് സർക്കാർ നിശ്ചയിക്കുന്ന പ്രകാരം, പദ്ധതി തുകയുടെ 10 ശതമാനം മാത്രം ഗുണഭോക്തൃവിഹിതം എന്നിവയാണ് പ്രധാന ഗുണ ഫലങ്ങൾ.

### (ബി) പുതിയ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ സ്കീം (New Agricultural Marketing Infrastructure Scheme)

കേന്ദ്രസർക്കാരിന്റെ കൃഷി, കർഷകക്ഷേമ മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയാണ് പുതിയ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ സ്കീം (New Agricultural Marketing Infrastructure Scheme). നബാർഡ് ആണ് സബ്സിഡി ചാനലിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നത്. 2020-21-ൽ അഞ്ച് പദ്ധതികളിലായി നബാർഡ് 66.54 ലക്ഷം രൂപയുടെ മൂലധന സബ്സിഡി അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 52.31 ലക്ഷം രൂപയുടെ സബ്സിഡി ഉൾപ്പെടുന്ന മൂന്ന് പദ്ധതികൾ ധനകാര്യ സ്ഥാപനങ്ങൾ നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. അതിൽ നടപടികൾ പുരോഗമിച്ചു വരുന്നു. ഈ സ്കീം 2021 ജൂൺ 30 വരെ പ്രവർത്തനക്ഷമമായിരുന്നു. അതിനുശേഷം നിർത്തലാക്കപ്പെട്ടു.

### (സി) അഗ്രി ക്ലിനിക് - അഗ്രി ബിസിനസ് സെന്റർ സ്കീം (ACABC)

നബാർഡ് സബ്സിഡി ചാനലിംഗ് ഏജൻസിയായി പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരിന്റെ കൃഷി, കർഷകക്ഷേമ മന്ത്രാലയം നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയാണ് അഗ്രി ക്ലിനിക്ക് - അഗ്രി ബിസിനസ് സെന്റർ സ്കീം (ACABC). അഗ്രി ക്ലിനിക്, അഗ്രി-ബിസിനസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് സബ്സിഡിയോടെ പിന്തുണ നൽകുന്നതാണ് ഈ പദ്ധതി. 2020-21 കാലയളവിൽ 8.8 ലക്ഷം രൂപയുടെ സബ്സിഡി ഘടകത്തിൽ ഒരു പദ്ധതി നബാർഡ് അനുവദിച്ചിട്ടുണ്ട്. 2021-22-ൽ നാളിതുവരെ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

### 2. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി

ഏകജാലക സംവിധാനത്തിലൂടെ കർഷകർക്ക് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെ ബാങ്ക് വായ്പ പ്രദാനം ചെയ്യുന്ന പദ്ധതിയാണ് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പൊതുമേഖല ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ (കെ.ജി.ബി) എന്നിവ വഴി സംസ്ഥാനത്ത് കിസാൻ ക്രെഡിറ്റ് കാർഡ് ലഭിക്കും. കൃഷിഭൂമി സ്വന്തമായിട്ടുള്ള കർഷകർ, പുരുഷ/വനിത സ്വയംസഹായ സംഘങ്ങൾ (SHG), JLG/കർഷകർ എന്നിവർക്ക് വാർഷിക അവലോകനത്തിന് വിധേയമായി അഞ്ച് വർഷത്തേയ്ക്കാണ് കിസാൻ ക്രെഡിറ്റ് കാർഡ് അനുവദിക്കുന്നത്. കാർഷിക വില, കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി എന്നിവയ്ക്ക് അടിസ്ഥാനമായി ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിജപ്പെടുത്തിയിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസ് അനുസരിച്ച് കർഷകർക്ക് വായ്പ ലഭിക്കുന്നു. ഇത്തരം ലോണുകൾക്ക് 2% സബ്സിഡിയും, കാലാവധിയ്ക്ക് മുമ്പേ അടയ്ക്കുന്നവർക്ക് 3% ഇൻസെന്റീവും ബാങ്കുകൾ റിസർവ്വ് ബാങ്ക് മുഖേന കർഷകർക്ക് എത്തിക്കുന്നു. ജാമ്യമില്ലാതെ (Collatteral Security) കൃഷിചെയ്യുന്ന വിളകളുടെ ഹൈപ്പോതിക്കേഷൻ (Hypothecation) വഴി 1.60 ലക്ഷം രൂപ വരെ അനുവദിയ്ക്കും.

### 3.കാർഷികോത്പാദന കമ്പനികൾക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി കവറേജ്

അടിസ്ഥാന സൗകര്യങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയോജിതമായി നടപ്പിലാക്കുന്ന സഹായ പദ്ധതിയാണ് കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട് (Agricultural Infrastructure Fund). ഈ പദ്ധതി പ്രകാരം 2520 കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. നിലവിൽ 3% പലിശയിളവാണ് വായ്പകൾക്ക് പ്രഖ്യാപിച്ചിട്ടുള്ളത്. രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്ക് Credit Guarantee Fund Trust for Micro and Small Enterprises (CGTMSE) സ്കീം പ്രകാരം ക്രെഡിറ്റ് ഗ്യാരണ്ടി, രണ്ടുകോടി രൂപ വരെ പരമാവധി 7 വർഷത്തേക്ക് വായ്പാപലിശയ്ക്ക് 3% ഇളവ്, വായ്പാ തിരിച്ചടവിന് ആറുമാസം മുതൽ രണ്ടു വർഷം വരെ മോറട്ടോറിയം, പലിശ നിരക്ക് സർക്കാർ നിശ്ചയിക്കുന്ന പ്രകാരം, പദ്ധതി തുകയുടെ 10 ശതമാനം മാത്രം ഗുണഭോക്തൃവിഹിതം എന്നിവയാണ് പ്രധാന ഗുണ ഫലങ്ങൾ. കാർഷികോത്പാദന

കമ്പനികൾക്ക് നൽകിവരുന്ന ഈ സ്കീമിന് Small Farmer's Agri Business Consortium (SFAC) ബാങ്കുകൾക്ക് ക്രെഡിറ്റ് ഗ്യാരണ്ടി കവറേജ് നൽകി വരുന്നു.

**4. <u>പ്രാഥമിക കർഷക സംഘങ്ങൾക്ക് ഒരു ശതമാനം പലിശയ്ക്ക് നബാർഡ് വായ്പ പദ്ധതി</u>**

പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന നബാർഡ് പദ്ധതി പ്രകാരമുള്ള PACS as MSC സ്കീം കേരള ബാങ്ക് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ പലിശ നിരക്ക് 4% ആണ്. കേന്ദ്ര പദ്ധതിയായി Agricultural Infrastructure Fund-മായി സംയോജിപ്പിക്കുമ്പോൾ പ്രസ്തുത വായ്പകൾക്ക് 3% പലിശ സബ്സിഡി കഴിച്ച് 1% പലിശ ബാധ്യതയാണ് പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ഉണ്ടാകുന്നത്.